# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 2227 | 23.03.2012 -ൽ മറുപടിയ്ക്ക് |

### കോമ്പോസിറ്റ് റീജിയണൽ സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വികലാംഗരുടെ പരിശീലനത്തിനും പുനരധിവാസത്തിനും പ്രാധാന്യം നൽകുന്ന കേന്ദ്രസ്ഥാപനമായ കോമ്പോസിറ്റ് റീജിയണൽ സെന്റർ കേരളത്തിൽ സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ടോ ; | (എ) | കോമ്പോസിറ്റ് റീജിയണൽ സെന്റർ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | എങ്കിൽ കേരളത്തിൽ എവിടെയാണ് പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതെന്നും നാളിതുവരെ എന്തെല്ലാം നടപടികൾ ഇതിനായി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ; | (ബി) | കോഴിക്കോട് വെള്ളിമാട് കുന്നിലുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ഒഴിഞ്ഞു കിടക്കുന്ന ബാലസദനത്തിന്റെ കെട്ടിടത്തിലാണ് കോമ്പോസിറ്റ് റീജിയണൽ സെന്റർ താല്ക്കാലികമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. സ്ഥിരം കെട്ടിടത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (സി) | കേന്ദ്ര സാമൂഹ്യക്ഷേമമന്ത്രാലയം ഇതിനായി എന്തൊക്കെ അനുവദിച്ചു നൽകിയിട്ടുണ്ട് ; | (സി) | കോമ്പോസിറ്റ് റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനുള്ള ചെലവും അതിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മൊത്തം ചെലവും കേന്ദ്ര ഗവൺമെന്റാണ് വഹിക്കുന്നത്. |
| (ഡി) | കേന്ദ്രസ്ഥാപനമായ പ്രസ്തുത വികലാംഗക്ഷേമ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദീകരിക്കാമോ ? | (ഡി) | വികാലംഗർക്കായുള്ള ഒരു സ്പെഷ്യൽ എഡ്യൂക്കേഷൻ സെന്ററായും പുനരധിവാസ കേന്ദ്രമായും പ്രവർത്തിക്കുക എന്നതാണ് കോമ്പോസിറ്റ് റീജിയണൽ സെന്ററിന്റെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ